9186
9/6/16

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം-വനം വകുപ്പിൽ നിന്നും കൃഷി വകുപ്പിന് വർക്കിംഗ് അറേഞ്ച്മെന്റിൽ താൽക്കാലികമായി വിട്ടു നൽകിയ 42 വനിത ട്രൈബൽ വാച്ചർമാരെ തിരികെ വനം വകുപ്പിൽ നിയമിച്ച് ഉത്തരവാകുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ (സാധാ) നം. 169/2016/വനം തിരുവനന്തപുരം, തീയതി: 22/04/2016

---

പരാമർശം: 1) സ.ഉ (എം.എസ്) 53/2013/വനം, തീയതി 15/05/2013.
2) സ.ഉ (എം.എസ്) 59/2013/വനം, തീയതി 03/06/2013
3) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 07/11/2014, 23/05/2015, 08/10/2015, 04/12/2015, 22/03/2016 എന്നീ തീയതികളിലെ ഇ 2-1523/2012 നമ്പർ കത്ത്.

**ഉത്തരവ്**

വനം വകുപ്പിൽ പരാമർശം 1 ഉത്തരവ് പ്രകാരം 700 ട്രൈബൽ വാച്ചർമാരുടെ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായതിൽ പാലക്കാട് ജില്ലയ്ക്കായി അനുവദിച്ചിരുന്ന 120 തസ്തികകളിൽ 91 തസ്തികകളിൽ അഹാഡ്സ് നിർത്തിയതുമൂലം ജോലി നഷ്ടപ്പെട്ട 91 ജീവനക്കാർക്ക് പരാമർശം 2 ഉത്തരവ് പ്രകാരം ട്രൈബൽ വാച്ചർമാരായി നിയമനം നൽകിയിരുന്നു. ടി ഉത്തരവിൽ ഉൾപ്പെട്ട വനിതാ ജീവനക്കാരെ കാർഷികോൽപ്പാദനത്തിനായി കൃഷി വകുപ്പിന് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ വിട്ടു നൽകിയിരുന്നു. പാലക്കാട് ജില്ലയിൽ വർദ്ധിച്ചു വരുന്ന മാവോയിസ്റ്റ് സാന്നിദ്ധ്യവും വനം സംരക്ഷണത്തിനു ജീവനക്കാരുടെ കുറവും മൂലം കൃഷി വകുപ്പിന് വിട്ടു നൽകിയ വനിത ട്രൈബൽ ജീവനക്കാരുടെ സേവനം അടിയന്തരമായി വനം വകുപ്പിന് തിരികെ ലഭ്യമാക്കി ഉത്തരവാകണമെന്ന് പരാമർശം 3 പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

2) ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പാലക്കാട്

ജില്ലയിൽ വർദ്ധിച്ചു വരുന്ന മാവോയിസ്റ്റ് ഭീഷണിയുടെ സാഹചര്യത്തിലും വന സംരക്ഷണത്തിനുള്ള ജീവനക്കാരുടെ കുറവു മൂലവും പരാമർശം 2 പ്രകാരം കൃഷി വകുപ്പിന് താൽക്കാലികമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ വിട്ടു നൽകിയ 42 വനിത ട്രൈബൽ വാച്ചർമാരെ കൃഷി വകുപ്പിലെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി വനം വകുപ്പിലേയ്ക്ക് തിരികെ നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**സുധീർ കെ.വി**
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)
കാർഷികോൽപ്പാദന കമ്മീഷണർ, കൃഷി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്,
സ്പെഷ്യലാഫീസർ & സബ്കളക്ടർ, ഒറ്റപ്പാലം, പാലക്കാട്
പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**